REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 29-05-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- അവസാന ഘട്ട വോട്ടെടുപ്പിന് പരസ്യ പ്രചാരണം നാളെ വൈകിട്ട് അവസാനിയ്ക്കും. 57 മണ്ഡലങ്ങളിൽ വോട്ടെടുപ്പ് ശനിയാഴ്ച.
- സംസ്ഥാനത്ത് വ്യാപക മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, എറണാകുളം ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.
- നാല് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ കനത്ത മഴയിലും മണ്ണിടിച്ചിലിലും 36 പേർ മരിച്ചു.
- പ്ലസ് വൺ പ്രവേശനത്തിന് ട്രയൽ അലോട്ട്മെന്റ് ഇന്ന് പ്രസിദ്ധീകരിക്കും.
- നിപാ പ്രതിരോധത്തിന് പ്രത്യേക പ്രവർത്തന കലണ്ടർ തയ്യാറാക്കുമെന്ന് മന്ത്രി വീണാ ജോർജ്.
- പഞ്ചഗുസ്തി ഏഷ്യൻ ചാമ്പ്യൻഷിപ്പിൽ ഇന്ത്യയ്ക്ക് ഒരു സ്വർണം ഉൾപ്പെടെ എഴു മെഡലുകൾ.

## വാർത്തകൾ വിശദമായി

**അവസാന ഘട്ട വോട്ടെടുപ്പിന് നാളെ വൈകിട്ട് പരസ്യ പ്രചാരണം അവസാനിയ്ക്കും.**

പ്രചാരണത്തിന് രണ്ടുദിവസവും തെരഞ്ഞെടുപ്പിന് നാല് ദിവസവും മാത്രം ബാക്കി നിൽക്കെ പരമാവധി വോട്ട് സ്വന്തം ചിഹ്നത്തിൽ ഉറപ്പാക്കുന്നതിന് കൊണ്ട് പിടിച്ച ശ്രമത്തിലാണ് ദേശീയ - സംസ്ഥാന നേതാക്കളും സ്ഥാനാർത്ഥികളും.

ഡസ്ക്ക് റിപ്പോർട്ട്

വോയ്സ്

ഏഴ് സംസ്ഥാനങ്ങളിലെയും, ഛണ്ഡിഗഢിലെയും 57 ലോക്സഭാ മണ്ഡലങ്ങളാണ് ഏഴാമത്തെയും അവസാനത്തെയും ഘട്ടത്തിൽ വിധിയെഴുതുന്നത്. പഞ്ചാബിലും ഉത്തർപ്രദേശിലും, 13 വീതവും, പശ്ചിമ ബംഗാളിൽ ഒൻപതും, ബീഹാറിൽ എട്ടും ഒഡീഷയിൽ ആറും, ഹിമാചൽ പ്രദേശിൽ നാലും ജാർഖണ്ഡിൽ മൂന്നും, ഛണ്ഡീഗഢിൽ ഒന്നും മണ്ഡലങ്ങളിലാണ് ശനിയാഴ്ച വിധിയെഴുത്ത്. ഇതോടെ 18-ാം ലോക്സഭയിലേക്ക് വിധിയെഴുത്ത് പൂർണമാകും.

കഴിഞ്ഞ ആറ് ഘട്ടങ്ങളിലായി 543 അംഗ ലോക്സഭയിൽ 486 മണ്ഡലങ്ങളിൽ വോട്ടെടുപ്പ് പൂർത്തിയായി. ഇതോടൊപ്പം ആന്ധ്രാപ്രദേശ്, അരുണാചൽ പ്രദേശ്, സിക്കിം, നിയമസഭകളിലേക്ക് വോട്ടെടുപ്പ് നടന്നു. 147 അംഗ ഒഡീഷ നിയമസഭയിൽ 42 മണ്ഡലങ്ങളിലാണ് വോട്ടെടുപ്പ് പൂർത്തിയാകാനുള്ളത്. ഈ മണ്ഡലങ്ങളിൽ നാലാമത്തെയും അവസാനത്തെയും ഘട്ടത്തിൽ ശനിയാഴ്ച വോട്ടടുപ്പ് നടക്കും.

ആറ് ദിവസം കൂടി പിന്നിടുമ്പോൾ അടുത്ത ചൊവ്വാഴ്ച ലോക്സഭയിലെയും നാല് സംസ്ഥാനങ്ങളിലെയും ജനവിധി പുറത്തുവരും.

✪✪✪

പശ്ചിമ ബംഗാളിലെ അവസാന പ്രചാരണത്തിന്റെ ഭാഗമായി പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്ര മോദി കൊൽക്കത്തയിൽ മെഗാ റോഡ്ഷോ നടത്തി.

കൊൽക്കത്തയിൽ നരേന്ദ്രമോദിയുടെ ആദ്യ റോഡ്ഷോയായിരുന്നു ഇത്. നോർത്ത് 24 പർഗാനാസ് ജില്ലയിലെ അശോക് നഗറിലും ബറൂയ്പൂരിലും പൊതുയോഗങ്ങളേയും മോദി അഭിസംബോധന ചെയ്തു.

✪✪✪

പണപ്പെരുപ്പവും തൊഴിലില്ലായ്മയും കുറയ്ക്കുന്നതിൽ ബിജെപി ഗവണ്മെന്റ് പരാജയപ്പെട്ടെന്ന് കോൺഗ്രസ് ജനറൽ സെക്രട്ടറി പ്രിയങ്ക ഗാന്ധി ആരോപിച്ചു. ഹിമാചൽ പ്രദേശിലെ ഗാഗ്രറ്റിൽ തിരഞ്ഞെടുപ്പ് റാലിയിൽ സംസാരിക്കുകയായിരുന്നു അവർ,

ബിജെപി ദേശീയ അധ്യക്ഷൻ ജെപി നദ്ദ ചോൽട്ടുവിലും നൻഖാരിയിലും രോഹ്രുവിലും റാലികളെ അഭിസംബോധന ചെയ്തു. രാജ്യത്ത് പുരോഗതിയുടെ യുഗം വീണ്ടും കൊണ്ടുവരാൻ വികസനത്തിന് വേണ്ടിയാണ് ബിജെപി വോട്ട് തേടുന്നതെന്ന് അദ്ദേഹം പറഞ്ഞു.

✪✪✪

ശനിയാഴ്ച നടന്ന ആറാം ഘട്ടത്തിൽ വോട്ട് ചെയ്ത സമ്മതിദായകരുടെ എണ്ണം തെരഞ്ഞെടുപ്പ് കമ്മീഷൻ പുറത്തുവിട്ടു. ആറാം ഘട്ടത്തിൽ ഏഴ് കോടി അഞ്ച് ലക്ഷത്തി 44,933 പേർ വോട്ട് ചെയ്തതായി കമ്മീഷൻ പ്രസ്താവനയിൽ പറഞ്ഞു. വോട്ടെടുപ്പ് നടന്ന 58 മണ്ഡലങ്ങളിൽ 63.37 ശതമാനമാണ് പോളിങ്.

വോട്ടെണ്ണലിന് ശേഷം പോസ്റ്റൽ ബാലറ്റുകൾ മൊത്തം വോട്ടുകളുടെ എണ്ണത്തിനൊപ്പം ചേർക്കുമ്പോൾ മാത്രമേ അന്തിമ പോളിംഗ് ശതമാനം ലഭ്യമാകൂ എന്നും തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

ശനിയാഴ്ച്ച നടക്കുന്ന ഏഴാം ഘട്ട വോട്ടെടുപ്പിന്റെ പാർലമെന്റ് മണ്ഡലങ്ങൾ തിരിച്ച് വോട്ടർമാരുടെ എണ്ണവും കമ്മീഷൻ പുറത്തുവിട്ടു.

✪✪✪

തെക്കൻ തമിഴ്നാട് തീരത്തിന് മുകളിൽ ചക്രവാത ചുഴി രൂപപ്പെട്ടതിനാൽ അടുത്ത ആറു ദിവസം സംസ്ഥാനത്ത് വ്യാപക മഴ പെയ്യുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ശക്തമായ മഴ കണക്കിലെടുത്ത് ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, എറണാകുളം ജില്ലകളിൽ ഇന്ന് ഓറഞ്ചു ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം, ഇടുക്കി, തൃശൂർ ജില്ലകളിലും ലക്ഷദ്വീപിലും ഇന്ന് മഞ്ഞ ജാഗ്രതയാണ്.

തെക്കൻ കേരളത്തിലും ലക്ഷദ്വീപ് തീരങ്ങളിലും വെള്ളിയാഴ്ച വരെ മണിക്കൂറിൽ അൻപത്തഞ്ചു കിലോമീറ്റർ

വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മൽസ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

കേരള, ലക്ഷദ്വീപ്, തെക്കൻ തമിഴ്നാട്, കർണാടക തീരങ്ങളിൽ ഇന്ന് രാത്രി 11.30 വരെ ഉയർന്ന തിരമാലയ്ക്കും കടൽക്ഷോഭത്തിനും സാധ്യതയുണ്ടെന്നും തീരദേശവാസികളും മത്സ്യത്തൊഴിലാളികളും ജാഗ്രത പുലർത്തണമെന്നും ദേശീയ സമുദ്ര സ്ഥിതി പഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

✪✪✪

കോട്ടയം ജില്ലയിൽ ഇന്നലെ വൈകീട്ടോടെ മഴയ്ക്ക് ശമനമുണ്ടായെങ്കിലും മഴക്കെടുതി തുടരുന്നു. കനത്ത മഴയെയും ഉരുൾപൊട്ടലിനെയും തുടർന്ന് കരകവിഞ്ഞൊഴുകിയ മീനച്ചിലാറിന്റെ തീരപ്രദേശങ്ങളിലെ കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചു ഇതിനായി ഭരണങ്ങാനം, ഉാലം, മുത്തോലി, അയർക്കുന്നം, ഏറ്റുമാനൂർ, കൊണ്ടൂർ, തുടങ്ങിയ പ്രദേശങ്ങളിലായി 11 ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു. 332 പേരാണ് ക്യാമ്പുകളിൽ കഴിയുന്നത്. ജില്ലയുടെ മലയോര മേഖലയിൽ ഇന്നലെ കനത്ത മഴയും ഉരുൾപൊട്ടലും മണ്ണിടിച്ചിലും വ്യാപക നാശം വിതച്ചിരുന്നു. ഇടമറുകിലുണ്ടായ ഉരുൾപൊട്ടലിൽ വീടുകൾക്കും കൃഷിക്കും നാശനഷ്ടമുണ്ടായി. തീക്കോയിയിൽ മണ്ണിടിച്ചിലിൽ വീടുകൾ നശിച്ചു. മീനച്ചിലാർ കരകവിഞ്ഞ് ഈരാറ്റുപേട്ട പാലാ

നഗരങ്ങളിൽ വെള്ളം കയറിയിരുന്നു. ഇന്നലെ രാത്രി മഴ മാറി നിന്നതോടെ ആറ്റിലെ ജലനിരപ്പ് താഴ്ന്നു.

മറ്റക്കര പന്നകം തോട് കരകവിഞ്ഞ് നിരവധി വീടുകളിൽ വെള്ളം കയറി.

✪✪✪

കനത്ത മഴയെ തുടർന്ന് എറണാകുളം ജില്ലയിൽ രണ്ട് ക്യാമ്പുകൾ തുറന്നു. കാക്കനാട് എം.എ അബൂബക്കർ എൽപിഎസ് സ്കൂളിലെ ക്യാമ്പിൽ 10 കുടുംബങ്ങളിൽ പെട്ട 25 പേരെ മാറ്റിപ്പാർപ്പിച്ചു. കളമശ്ശേരി VHSS -ൽ, 10 കുടുംബങ്ങളിൽ പെട്ട 33 പേരെയാണ് പാർപ്പിച്ചിരിക്കുന്നത്.

✪✪✪

കൊല്ലം ജില്ലയിൽ മഴയുടെ തീവ്രത കുറഞ്ഞു. വിവിധ പ്രദേശങ്ങളിൽ ആരംഭിച്ച 8 ക്യാമ്പുകളിലായി ആകെ 280 കുടുംബങ്ങളിലെ 877 പേരെ മാറ്റിപാർപിച്ചിട്ടുണ്ട്.

✪✪✪

കോഴിക്കോട് ഓമശ്ശേരിയിൽ പത്തു വയസ്സുകാരൻ കുളത്തിൽ മുങ്ങിമരിച്ചു. മങ്ങാട് മുടൂർ മുഹമ്മദ് അജാസാണ് വീടിനടുത്ത കുളത്തിൽ മുങ്ങി മരിച്ചത്.

✪✪✪

വൈക്കം വേമ്പനാട്ടുകായലിൽ വള്ളം മറിഞ്ഞ് മത്സ്യതൊഴിലാളി മരിച്ചു. ചെമ്പ് സ്വദേശി സദാനന്ദൻ ആണ് മരിച്ചത്.

✪✪✪

കൊല്ലം മുഖത്തല കണിയാംതോട്ടിൽ മീൻപിടിക്കാനിറങ്ങിയ ആളെ ഒഴുക്കിൽപ്പെട്ട് കാണാതായി. കുറുമണ്ണ ചരുവിളപുത്തൻവീട്ടിൽ മുഹമ്മദ് നൂഹ് നെയാണ് കാണാതായത്. തെരച്ചിൽ രാവിലെ പുനരാരംഭിക്കും.

✪✪✪

റിമാൽ ചുഴലിക്കാറ്റിന്റെ ഫലമായി നാല് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ ഇന്നലെ കനത്ത മഴയിലും മണ്ണിടിച്ചിലിലും 36 പേർ മരിച്ചു, മഴയിലും മണ്ണിടിച്ചിലിലും മിസോറാമിലെ ഐെസ്വാൾ ജില്ലയിൽ ക്വാറി തകർന്ന് 21 പേർ ഉൾപ്പെടെ 27 പേരും നാഗാലാൻഡിൽ നാലും അസമിൽ മൂന്നും മേഘാലയയിൽ രണ്ടുപേരുമാണ് മരിച്ചത്.

റിമാൽ ചുഴലിക്കാറ്റിനെ തുടർന്ന് എട്ട് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ റോഡ്, റെയിൽ, വൈദ്യുതി, ഇന്റർനെറ്റ് സേവനങ്ങൾ തടസപ്പെട്ടിരിക്കുകയാണ്. ശക്തമായ കാറ്റിനൊപ്പം പെയ്ത മഴയിൽ ഉരുൾപൊട്ടലും ഉണ്ടായെന്നാണ് റിപ്പോർട്ട്.

✪✪✪

സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനത്തിനു ട്രയൽ അലോട്ട്മെന്റ് ഇന്ന് പ്രസിദ്ധീകരിക്കും. വെള്ളിയാഴ്ച്ച വൈകിട്ട് അഞ്ചിനകം Edit Application എന്ന ലിങ്കിലൂടെ ആവശ്യമായ തിരുത്തലുകളും ഉൾപ്പെടുത്തലുകളും വരുത്തി ഫൈനൽ കൺഫർമേഷൻ നടത്തണം. ഗവണ്മെന്റ് , എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കൻഡറികളിലെ ഹെൽപ്

ഡെസ്ക്കുകളിൽ ഇതിനു സഹായം ലഭിയ്ക്കും. ഇതിന് ശേഷം തിരുത്തലുകൾ വരുത്താൻ കഴിയില്ല.

എസ്.എസ്.എൽ.സി പുനർമൂല്യനിർണയത്തിലെ ഫലം ട്രയൽ അലോട്ട്മെന്റിൽ പരിഗണിച്ചിട്ടില്ല. പുനർമൂല്യനിർണയത്തിലെ ഗ്രേഡ് വ്യത്യാസം അടുത്ത മാസം അഞ്ചിന് പ്രസിദ്ധീകരിക്കുന്ന ഒന്നാം അലോട്ട്മെന്റിൽ പരിഗണിക്കും.

സംസ്ഥാനത്ത് 4 ലക്ഷത്തി 65,000 വിദ്യാർഥികളാണ് പ്ലസ് വൺ പ്രവേശനത്തിനായി അപേക്ഷിച്ചത്.

ആദ്യഅലോട്ട്മെന്റ് അടുത്ത മാസം അഞ്ചിനും രണ്ടാംഅലോട്ട്മെന്റ് 12നും മൂന്നാം അലോട്ട്മെന്റ് 19നുമാണ് പ്രസിദ്ധീകരിക്കുന്നത്. പ്ലസ് വൺ ക്ലാസ്സുകൾ അടുത്ത മാസം24ന് ആരംഭിക്കും.

✪✪✪

സംസ്ഥാനത്ത് നിപ പ്രതിരോധത്തിന് പ്രത്യേക പ്രവർത്തന കലണ്ടർ തയ്യാറാക്കുന്നതായി മന്ത്രി വീണാ ജോർജ് അറിയിച്ചു. വർഷം മുഴുവനും, നിപ വ്യാപന സാധ്യത കണക്കിലെടുത്ത് മേയ് മുതൽ സെപ്റ്റംബർ വരെയും ചെയ്യേണ്ട പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചാണ് കലണ്ടർ തയ്യാറാക്കുന്നത്. നിപ, പക്ഷിപ്പനി പ്രതിരോധത്തിന് പ്രാധാന്യം നൽകി പ്രവർത്തനങ്ങൾ നടത്തണമെന്നും മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

കോഴിക്കോട്, വയനാട് ജില്ലകൾ പ്രത്യേകം ശ്രദ്ധിക്കണം. ഈ ജില്ലകളിൽ സെപ്റ്റംബർ മാസം വരെ കാമ്പയിൻ അടിസ്ഥാനത്തിൽ നിപ വൈറസ് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമായി നടത്താനും മന്ത്രി നിർദേശം നൽകി. കോഴിക്കോട്, വയനാട്, ഇടുക്കി, മലപ്പുറം, എറണാകുളം ജില്ലകളിലാണ് വവ്വാലുകളിൽ നിപ വൈറസിന്റെ ആന്റിബോഡി കണ്ടെത്തിയത്. ഈ ജില്ലകളിൽ ആരോഗ്യ കേന്ദ്രങ്ങൾ വഴി അവബോധ പ്രവർത്തനങ്ങൾ ശക്തമാക്കണം.

വവ്വാലുകളുടെ ആവാസ വ്യവസ്ഥ നശിപ്പിക്കരുതെന്നും പക്ഷികൾ കടിച്ച പഴങ്ങൾ കഴിക്കരുതെന്നും വീണാ ജോർജ്ജ് അറിയിച്ചു,

✪✪✪

വനിത ഹജ്ജ് തീർഥാടകർ മാത്രം അടങ്ങുന്ന വിമാനം ഇന്നലെ കൊച്ചി വിമാനത്താവളത്തിൽ നിന്ന് ജിദ്ദയിലേക്ക് സർവീസ് നടത്തി. രാത്രി 8.30 ന് പുറപ്പെട്ട സൗദി എയർലൈൻസ് വിമാനത്തിൽ 289 വനിത തീർത്ഥാടകരാണ് ഉണ്ടായിരുന്നത്.

ഇന്ന് ഉച്ചക്ക് 12.10നു പുറപ്പെടുന്ന സൗദി എയർലൈൻസ് വിമാനത്തിൽ 289 വനിതാ തീർത്ഥാടകർ യാത്രതിരിക്കും.

✪✪✪

അനീതിക്കെതിരായ പോരാട്ടമായിരുന്നു എം.പി വീരേന്ദ്രകുമാറിന്റെ ജീവിതമെന്ന് മുൻ കേന്ദ്രമന്ത്രിയും കോൺഗ്രസ് നേതാവുമായ പി.ചിദംബരം പറഞ്ഞു. RJD കോഴിക്കോട് സംഘടിപ്പിച്ച എം.പി വീരേന്ദ്രകുമാർ

അനുസ്മരണദിന പ്രഭാഷണത്തിൽ സംസാരിക്കുകയായിരുന്നു ചിദംബരം. പാവപ്പെട്ടവരെ കേന്ദ്രീകരിച്ച് സാമ്പത്തിക നയങ്ങളും പരിപാടികളും പുനഃക്രമീകരിക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

നമ്മുടെ നയങ്ങൾ താഴേത്തട്ടിലേക്ക്, പ്രത്യേകിച്ച് പട്ടികജാതി, പട്ടികവർഗ, മറ്റ് അധഃസ്ഥിത വിഭാഗങ്ങൾ എന്നിവരിലേക്ക് പുനഃക്രമീകരിക്കുകയും ചെയ്യുന്നില്ലെങ്കിൽ, സമത്വ എന്ന് വിളിക്കാൻ കഴിയില്ല. സാമ്പത്തിക അസമത്വത്തിന്റെ പ്രതിബിംബം തന്നെയാണ് സാമൂഹിക മേഖലയിലുമുള്ളതെന്നും ചിദംബരം പറഞ്ഞു.

✪✪✪

പ്രധാനപ്പെട്ട വെല്ലുവിളികളിലൊന്ന് രാഷ്ട്രീയ പാർട്ടികളുടെ അപചയമാണെന്ന് ചരിത്രകാരൻ രാമചന്ദ്രഗുഹ പറഞ്ഞു. മാതൃഭൂമി സംഘടിപ്പിച്ച എം.പി വീരേന്ദ്രകുമാർ അനുസ്മരണ പ്രഭാഷണത്തിൽ 'ഇന്ത്യ എങ്ങോട്ട്' എന്ന വിഷയത്തെക്കുറിച്ച സംസാരിക്കുകയായിരുന്നു അദ്ദേഹം. വ്യക്തികളെ കേന്ദ്രീകരിച്ച് രാഷ്ട്രീയ പാർട്ടികൾ മാറുകയാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

സ്വാതന്ത്ര്യാനന്തര ഇന്ത്യയെ നേർവഴിക്ക് നയിക്കുകയും കര പിടിച്ചു കയറ്റുകയും ചെയ്ത പ്രധാനപ്പെട്ട രണ്ടു നേതാക്കൾ ജവഹർലാൽ നെഹ്റുവും, സർദാർ വല്ലഭായ് പട്ടേലുമായിരുന്നുവെന്നും രാമചന്ദ്രഗുഹ പറഞ്ഞു.

✪✪✪

ഉസ്ബെക്കിസ്ഥാനിലെ താഷ്കന്റിൽ പഞ്ചഗുസ്തി ഏഷ്യൻ ചാമ്പ്യൻഷിപ്പിൽ ഇന്ത്യൻ സംഘം ഒരു സ്വർണവും ആറ് വെങ്കലവും ഉൾപ്പെടെ ഏഴ് മെഡലുകൾ നേടി. പുരുഷ വിഭാഗത്തിൽ ഇന്ത്യയുടെ ശ്രീമന്ത് ഝാ ഇടതു കൈ പാരാ വിഭാഗത്തിൽ സ്വർണമെഡലും വലംകൈ പാരാ വിഭാഗത്തിൽ വെങ്കലമെഡലും നേടി. മാസ്റ്റേഴ്സ് വിഭാഗത്തിൽ ലക്ഷ്മൺ സിംഗ് ഭണ്ഡാരി രണ്ട് വെങ്കലവും, വലംകൈ സീനിയർ വിഭാഗത്തിൽ സച്ചിൻ ഗോയൽ വെങ്കലവും നേടി.

വനിതാ വിഭാഗത്തിൽ അരുണാചൽപ്രദേശിലെ ഐബിലോലൻ വലംകൈ - ഇടംകൈ വിഭാഗങ്ങളിലായി വെങ്കല മെഡലുകൾ കരസ്ഥമാക്കി.

✪✪✪

ഇന്ത്യൻ ഗ്രാന്റ് പ്രീ -2 അത്-ലറ്റിക് മീറ്റ് ഇന്ന് ചെന്നൈയിൽ ആരംഭിക്കും. ജവഹർ ലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം. ഉച്ചകഴിഞ്ഞ് വനിതകളുടെ പോൾവോൾട്ടോടെയാണ് മത്സരങ്ങൾ ആരംഭിക്കുന്നത്. ഒൻപത് ഇനങ്ങളിലാണ് മത്സരങ്ങൾ. താരങ്ങൾക്ക് പാരീസ് ഒളിമ്പിക്സിന് യോഗ്യത നേടുന്നതിന് അവസരം കൂടിയാണ് ഗ്രാന്റ് പ്രീ.

✪✪✪

കണ്ണൂർ കൊട്ടിയൂർ ക്ഷേത്രം വൈശാഖോത്സവത്തിലെ പ്രധാന ചടങ്ങായ ഇളനീർവെപ്പും തിരുവോണം ആരാധനയും ഇന്ന് നടക്കും. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് ഇന്നലെ രാത്രിയോടെ ഇളനീർ സംഘങ്ങൾ മണത്തണ സങ്കേതത്തിൽ

എത്തി. ഇവർ രാവിലെ അക്കരെ കൊട്ടിയൂർ ക്ഷേത്രത്തിലേക്ക് തിരിക്കും. ഇളനീർ കാവുകൾ വടത്തിൽ കെട്ടി ചുമലിലേന്തി കാൽനടയായാണ് സംഘങ്ങൾ എത്തുന്നത്.

നാളെ ഇളന്നീരാട്ടവും അഷ്ടമി ആരാധനയും നടക്കും.